ടാറ്റ അൻപതിനായിരം ഏക്കർ ഭൂമി കയ്യേറിയെന്ന നിയമസഭ സമിതികളുടെ കണ്ടെത്തലിന്റെ മാനദണ്ഡങ്ങൾ എന്തായിരുന്നാലും അതിനെ മറയാക്കികൊണ്ടാണ് മൂന്നാറിലെ ടൂറിസം മാഫിയ കയ്യേറ്റത്തിന് തുടക്കം കുറിച്ചത്. ലോകത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട 8 ബയോഡൈവേഴ്സിറ്റി ഹോട്ട് സ്പോട്ടുകളിലൊന്നായ പശ്ചിമ ഘട്ടത്തിന്റെ അതീവ ജാഗ്രത്തായ ജൈവമേഖ ലയായ ഹൈ ആൾട്ടിറ്റ്യൂട് മേഖല തകർക്കപ്പെടുന്നത് ഭരണകൂട സഹായത്തോടെയായിരുന്നു എന്നതാണ് ഏറെ ദു:ഖകരം.

# മൂന്നാർ ആരുടെ സ്വന്തം

ജോൺ പെരുവന്താനം

സ്വതന്ത്ര ഭാരതത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഭൂമി കുംഭകോണമാണ് മൂന്നാറിൽ നടന്നത്. എല്ലാ അഴിമതിക്കാരും ഒത്തുചേർന്ന് ആദ്യ മൂന്നാർ ദൗത്യത്തെ പരാജയപ്പെടുത്തിയെങ്കിലും നീണ്ട ഇടവേള യ്ക്കുശേഷം മൂന്നാർ വീണ്ടും സജീവമായത് കേരള ഹൈക്കോടതിയുടെ ഇടപെടൽ ഒന്നുകൊണ്ടുമാത്രമാണ്. ഒരു ആഫ്രിക്കൻ പഴമൊഴിപോലെ രണ്ട് ആനകൾ തമ്മിൽ കലഹിച്ചാലും പ്രണയിച്ചാലും അത് ചവിട്ടി നിൽക്കുന്ന പുൽത്തകിടിയുടെ നാശമാണ് ഫലം. കൈയ്യേറ്റങ്ങളിൽ ഇടതും വലതും ഒരേ തൂവൽ പക്ഷികളാണ്. സിക്കുകാരന്റെ നാട്ടിൽ ബാർബർ ഷോപ്പ് തുടങ്ങുന്നതുപോലെയാണ് മൂന്നാറിൽ പരിസ്ഥിതി സംരക്ഷണം പറഞ്ഞാലുള്ള ഫലം. മൂന്നാർ ടൂറിസം മേഖലയിലെ 11 പഞ്ചായത്തുകളിലായി ഒരു ലക്ഷത്തോളം ഏക്കർ ഭൂമിയാണ് കഴിഞ്ഞ പത്ത് ഇരുപത് വർഷത്തിനിടയിൽ കയ്യേറ്റത്തിന് വിധേയമായിട്ടുള്ളത്. ഇടുക്കിയിലെ മറ്റ് കുടിയേറ്റ മേഖലയിലെ കർഷകരെപ്പോലെ കൃഷിക്കായി ഭൂമി കയ്യേറിയവരല്ല ഇവിടുള്ളവർ. വ്യാജ രേഖ ചമച്ച് കൃത്രമ പട്ടയം സമ്പാദിച്ച് ലക്ഷങ്ങളും കോടികളും മുടക്കിയാണ് ഇവർ ബിസിനസ്സ് നടത്തിയിട്ടുള്ളത്. ടാറ്റായുടെ എസ്റ്റേറ്റിലെ തൊഴിലാളി കുടുംബങ്ങളിലെ അംഗങ്ങളേയും തമിഴ്നാട്ടിൽ നിന്ന് വന്നവരിൽ ചിലരേയും പാവപ്പെട്ട ആദിവാസികളെയുമാണ് കയ്യേറ്റ ലോബി മുന്നിൽ നിർത്തിയത്. 5 സെന്റ് മുതൽ 1 ഏക്കർ വരെ കയ്യേറിയ 4,000 പേരുണ്ടിവിടെ. 1 ഏക്കർ മുതൽ 5 ഏക്കർ വരെ കയ്യേറിയവർ ആയിരത്തോളം വരും. ഏലത്തോട്ടം കുത്തക പാട്ട നിയമം ലംഘിച്ച് ഭൂമി മറിച്ച് വിറ്റവരും അവരിൽ നിന്ന് 1 ഏക്കർ മുതൽ 50 ഏക്കർ വരെ ടൂറിസം വികസനത്തിന് വേണ്ടി വാങ്ങിയിട്ടുള്ളവരും ആയിരത്തോളമുണ്ടാകും.

വൃന്ദാവൻ പട്ടയം, രവീന്ദ്രൻ പട്ടയം എന്നീ കള്ള പട്ടയങ്ങളാണ് ഇവരുടെ പ്രമാണ രേഖ. ഇട്ട്യാതി ഈച്ചരൻ വേഴ്സസ് കേരള എന്ന കേസിൽ സുപ്രീംകോടതിയുടെ വളരെ പ്രധാനപ്പെട്ട ഒരു വിധിയുണ്ട്. കയ്യേറ്റ ഭൂമിയിലെ കൈവശക്കാരന്റെ ഭൂമിക്ക് മേലുള്ള അവകാശം സ്ഥാപിക്കുവാൻ 4 രേഖകൾ സ്വീകരിക്കാൻ പാടില്ല എന്നാണ് ആ വിധിയിൽ പറയുന്നത്. കയ്യേറ്റക്കാരൻ കയ്യേറ്റ ഭൂമിയിൽ വയ്ക്കുന്ന വീടിന് പഞ്ചായത്തിൽ നിന്നും നൽകുന്ന വീട്ടു നമ്പർ, അതിന്റെ അടിസ്ഥാനത്തിൽ കരം ഒടുക്കിയ രസീത്, ഈ വീട്ടുനമ്പറിന്റെ അടിസ്ഥാനത്തിലുള്ള റേഷൻ കാർഡ്, ഇവയുടെ പിൻബലത്തിലുള്ള വോട്ടർ പട്ടികയിലെ പേര് ഈ 4 രേഖകൾ പട്ടയം കൊടുക്കുന്നതിനുള്ള മാനദണ്ഡമായി സ്വീകരിക്കരുതെന്ന സുപ്രധാനമായ വിധിയെ മറികടന്നുകൊണ്ടാണ് വൃന്ദാവൻ പട്ടയവും രവീന്ദ്രൻ പട്ടയവും നൽകിയിട്ടുള്ളത്. പതിനായിരത്തോളം വ്യാജ പട്ടയങ്ങളാണ് ഇന്ന് ഇവിടുള്ളത്. ഇത്തരം വ്യാജ പട്ടയങ്ങൾ ഉപയോഗിച്ച് ജില്ലയിലെ ബാങ്കുകളിൽ നിന്ന് കോടി കണക്കിന് രൂപയാണ് ലോൺ എടുത്തിട്ടുള്ളത്. ഇതിനെല്ലാം കൂട്ടു നിന്നവർ സർക്കാർ ഉദ്യോഗസ്ഥർ തന്നെയാണ്.

കാൽ നൂറ്റാണ്ട് മുൻപ് മൂന്നാർ ടൗണിനെ വെള്ളത്തിലാഴ്ത്തികൊണ്ട് ഒരു വൻകിട അണക്കെട്ട് നിർമ്മിക്കുന്നതിന് വൈദ്യുതി ബോർഡ് തീരുമാനമെടുക്കുകയുണ്ടായി. അതിനെതിരെ ശക്തമായ സമരം നടത്തിയാണ് മൂന്നാറിനെ രക്ഷപ്പെടുത്തിയത്. അങ്ങനെ രക്ഷപ്പെടുത്തിയ മുഴുവൻ സ്ഥലങ്ങളും ജൈവവൈവിധ്യവുമാണ് ഇന്ന് കയ്യേറ്റത്തിന് വിധേയമാക്കി നൂറുകണക്കിന് വൻകിട കെട്ടിടങ്ങളും റിസോർട്ടുകളും നിർമ്മിച്ചിരിക്കുന്നത്. ലോകത്തിൽ മൂന്നാറിലും പരിസരപ്രദേശങ്ങളിലും മാത്രം കാണുന്ന നീലക്കുറിഞ്ഞി സംരക്ഷണത്തിനുവേണ്ടി ഞങ്ങൾ കൊടൈക്കനാൽ മുതൽ മൂന്നാർ വരെ 22 വർഷങ്ങൾക്ക് മുൻപ് ഒരു യാത്ര നടത്തിയിരുന്നു. അന്നു വനമായി കണ്ടിരുന്ന സ്ഥലങ്ങളിലെല്ലാം ഇന്ന് കെട്ടിടങ്ങൾ മാത്രമാണ് ഉള്ളത്. നീലക്കുറിഞ്ഞി സാങ്ചറി പ്രഖ്യാപനത്തിൽ ഊറ്റംകൊള്ളുന്ന മന്ത്രിയുടെ തനിനിറം പുറത്തുവന്നുകൊണ്ടിരിക്കുന്നു.വട്ടവട മേഖലയിലെ ജനവാസ കേന്ദ്രങ്ങൾ കൂടി സാങ്ചറിയുടെ ഭാഗമാക്കിയെടു

ക്കുകയും അതേ തുടർന്നുണ്ടായ ജനരോഷത്തെ മറയാക്കി സാങ്ചറിയെ തന്നെ ഇല്ലാതാക്കാൻ ശ്രമിക്കുകയാണിപ്പോൾ എൽ.ഡി.എഫ്. സാങ്ചറി വേണ്ട എന്ന് ശുപർശ ചെയ്തുകഴിഞ്ഞു.

കണ്ണൻ ദേവൻ ലാന്റ് റിസംപ്ഷൻ ആക്ടിലൂടെ ഏറ്റെടുത്ത ഭൂമിയിൽ ലാന്റ് ബോർഡ് അവാർഡ് പ്രകാരം ടാറ്റയ്ക്ക് വിട്ടുകൊടുത്തതും സർക്കാർ വിവിധ ആവശ്യങ്ങൾക്ക് മാറ്റിവച്ചതും കഴിച്ച് 17,922 ഏക്കർ വനം വകുപ്പിന് കൈമാറുവാൻ തീരുമാനിച്ച ഭൂമി 30 വർഷമായി നീളുന്ന സർവ്വേ നടപടികളുടെ മറവിൽ അന്യാതീനപ്പെടുത്തിയിരിക്കുന്നു. കൊട്ടിഘോഷിച്ച മൂന്നാർ ദൗത്യത്തിനൊടുവിൽ പാർട്ടിക്കാർക്ക് 10 സെന്റ് ഭൂമിയും പട്ടയവും കൊടുത്ത് കൈയ്യടി വാങ്ങാൻ വേണ്ടി വനഭൂമി പ്രഖ്യാപനം വി.എസ്. അച്ചുതാനന്ദനും ബിനോയ് വിശ്വവും ഉൾപ്പെടെയുള്ള എല്ലാവരും ചേർന്ന് ഒത്തുകളിച്ച് അട്ടിമറിച്ചു.

ടാറ്റ അൻപതിനായിരം ഏക്കർ ഭൂമി കയ്യേറിയെന്ന നിയമസഭ സമിതികളുടെ കണ്ടെത്തലിന്റെ മാനദണ്ഡങ്ങൾ എന്തായിരുന്നാലും അതിനെ മറയാക്കികൊണ്ടാണ് മൂന്നാറിലെ ടൂറിസം മാഫിയ കയ്യേറ്റത്തിന് തുടക്കം കുറിച്ചത്. വനമെന്നോ, മലയെന്നോ, പുഴയെന്നോ ഉള്ള കാഴ്ചപ്പാടില്ലാതെ കുന്നുകളും മലകളും വെട്ടിപിളർന്നും ഇടിച്ചു നിരത്തിയും പ്രകൃതിയുടെ കുരുതിച്ചോര പുഴയിലൊഴുക്കിയാണ് കയ്യേറ്റ വികസനം മുന്നേറിയത്. ലോകത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട 8 ബയോഡൈവേഴ്സിറ്റി ഹോട്ട് സ്പോർട്ടുകളിലൊന്നായ പശ്ചിമ ഘട്ടത്തിന്റെ അതീവ ജാഗ്രത്തായ ജൈവമേഖലയായ ഹൈ ആൾട്ടിറ്റ്യൂട് മേഖല തകർക്കപ്പെടുന്നത് ഭരണകൂട സഹായത്തോടെയായിരുന്നു എന്നതാണ് ഏറെ ദു:ഖകരം. ഈ മേഖലയിലെ ജൈവവൈവിധ്യങ്ങളിൽ 40 ശതമാനത്തോളം ശാസ്ത്ര ലോകത്തിന് ഇന്നോളം വർഗീകരിക്കുവാൻ പോലും കഴിയാത്തവയാണ്. ലോകത്ത് ഇവിടെ മാത്രം കാണപ്പെടുന്ന വംശനാശഭീഷണിയെ നേരിടുന്ന അത്യപൂർവ്വമായ ജന്തു-ജീവജാതികളുടെയും സസ്യ ലതാദികളുടേയും ജീൻ കലവറയാണ് കയ്യേറ്റത്തിലൂടെ ഇല്ലാതായികൊണ്ടിരിക്കുന്നത്. വരയാട്, ചാരമലയണ്ണാൻ തുടങ്ങിയവയൊക്കെ നാശോന്മുഖമാകുന്നു. അനിയന്ത്രിതമായ വനനശീകരണവും കെട്ടിട നിർമ്മാണങ്ങളും മൂലം കഴിഞ്ഞ 15 വർഷത്തിനുള്ളിൽ മൂന്നാറിലെ കാലാവസ്ഥയിൽ 9 ഡിഗ്രി ചൂട് വർദ്ധിച്ചു. മുൻപ് അവിടെ കാക്ക, ഉപ്പൻ തുടങ്ങിയ പക്ഷികളും വിഷപാമ്പുകളുമില്ലായിരുന്നു. കാലാവസ്ഥ വ്യതിയാനത്തിന്റെ ഫലമായി ഇന്നവയെല്ലാം മൂന്നാറിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. കേരളത്തിന്റെ ജീവനാഡിയായ പെരിയാർ നദിയുടെ വൃഷ്ടി പ്രദേശത്തെ ചോലക്കാടുകളും പുൽമേടുകളും നീർച്ചോലകളും ജലസ്രോതസ്സുകളും നശിക്കുക വഴി കേരളത്തിന് തന്നെ കുടിവെള്ളത്തിന്റെയും വൈദ്യുതി ഉൽപാദനത്തിന്റെയും കാര്യത്തിൽ വലിയ പ്രതിസന്ധിയുണ്ടാകാം. അശാസ്ത്രീയമായ ടൂറിസം വികസനം എങ്ങനെ പ്രകൃതിയെ നശിപ്പിക്കുമെന്നും കാലാവസ്ഥയെ തകിടം മറിക്കും എന്നതിന് നല്ലൊരു ഉദാഹരണമാണ് ഊട്ടി. നിത്യേന ലക്ഷക്കണക്കിന് ടൂറിസ്റ്റുകൾ എത്തികൊണ്ടിരുന്ന ഊട്ടി ഇന്ന് ടൂറിസത്തിന്റെ ശവപ്പറമ്പാണ്. കെട്ടിട സമുച്ചയങ്ങളും മാലിന്യങ്ങളും പ്രകൃതിയുടെ സ്വാഭാവികത നശിപ്പിച്ചപ്പോൾ ഊട്ടി ആർക്കും വേണ്ടാതായി. ഊട്ടിയിൽ നിന്നും മൂന്നാറിലേക്കുള്ള ദൂരം ഒരു കയ്യാപ്പിന്റേത് മാത്രമാണ്.

മൂന്നാർ പാർവ്വതി മലയിലെ കയ്യേറ്റത്തിന് നേതൃത്വം കൊടുത്തത് വിടുതലൈ ശിരുത്തികൾ എന്നൊരു സാമുദായിക സംഘടനയായിരുന്നു. കേരളത്തിന്റെ വനമേഖലകളിലെ കഞ്ചാവു കൃഷിയും, മറയൂരിലെ ചന്ദന കള്ളക്കടത്തും മൂന്നാറിൽ ഒരുപാട് പേരെ പെട്ടെന്ന് ധനികരാക്കി. ഇനി റിസ്ക്കില്ലാതെ ചെയ്യാൻ പറ്റുന്ന വ്യവസായം ടൂറിസമാണെന്ന തിരിച്ചറിവാണിവരെ സഹ്യാദ്രി സാനുക്കളിലെ കുളിരുപെയ്യുന്ന മലമടക്കുകളെ വെട്ടിപിടിക്കാൻ പ്രേരിപ്പിച്ചത്. വോട്ടവകശാമില്ലാത്ത ജന്തു ജീവജാതികൾക്ക് ഒരു പ്രാധാന്യവും കല്പിച്ചിട്ടില്ലാത്ത തൊഴിലാളി വർഗ്ഗ നായകർ, ഒരു സൈക്കിൾ പോലും സ്വന്തമായി ഇല്ലാതെ പൊതുപ്രവർത്തനമാരംഭിച്ചവർ, നൂറുകണക്കിന് കോടികളുടെ സ്വത്തിനുടമകളായത് കണ്ണടച്ച് തുറക്കുന്ന വേഗത്തിലാണ്. ഇതുതന്നെയാണ് മൂന്നാറിലെ മുതലക്കണ്ണീരിന്റെ രഹസ്യം. പോയ കാലത്തെ പോരാട്ടങ്ങളും സഹനങ്ങളും പ്രസ്ഥാനങ്ങൾക്കും വ്യക്തികൾക്കും നൽകുന്ന വിശ്വാസ്യതയും സത്യസന്ധതയുമാണ് ഇവർ തകർത്തത്. ഭൂതകാലം മൂലധനമാക്കി വർത്തമാനത്തിന്റെ രാഷ്ട്രീയ സംസ്കാരത്തെ ഒറ്റുകൊടുത്ത പ്രസ്ഥാനങ്ങൾ പൊതുസമൂഹം മരിച്ചുകഴിഞ്ഞുവെന്നും വ്യക്തികളുടെ വളർച്ചയാണ് ലോകപുരോഗതിയെന്നും പ്രചരിപ്പിക്കുവാൻ പാർട്ടികളെയും പ്രസ്ഥാനങ്ങളെയും ഉപയോഗിക്കുന്നു. എല്ലാ നവീന ആശയങ്ങളേയും കക്ഷിരാഷ്ട്രീയക്കാർ ഹൈജാക്ക് ചെയ്യുന്നു. പരിസ്ഥിതി സംരക്ഷണം എന്ന മഹത്തായ ആശയത്തെ ഹൈജാക്ക് ചെയ്ത് ഗ്രീൻ ഇമേജ് ഉണ്ടാക്കിയ വി.എസ്. അച്ചുതാനന്ദൻ അധികാര രാഷ്ട്രീയത്തിനുവേണ്ടി പുരോഗമന ശക്തികളെ ഒന്നാകെയും ചരിത്രത്തെയും വഞ്ചിക്കുകയാണ് ചെയ്തത്. മൂന്നാറിന്റെ പാരിസ്ഥിതിക പ്രാധാന്യം പർവ്വത നിരകൾ ഒരുക്കിയതാണ്. അതിനാൽ തന്നെ മാനുഷിക ഇടപെടലുകളും നഗരവൽക്കരണവും മൂന്നാറിനെ മാത്രമല്ല മൊത്തം കേരളത്തെയും ദുരന്തത്തിലേക്ക് നയിക്കും. വരും തലമുറകൾക്കുവേണ്ടി ലോക പൈതൃകമായി മൂന്നാർ കാത്തുസൂക്ഷിക്കേണ്ടതാണ്. തെറ്റായതീരുമാനങ്ങളെടുക്കുന്ന ഭരണകൂടങ്ങൾ പ്രകൃതി പ്രതിഭാസങ്ങളോട് വിനയപൂർവ്വം സമീപിക്കാനുള്ള വിവേകം കാണിക്കണം അല്ലെങ്കിൽ പ്രകൃതി ദുരന്തങ്ങളുടെ രൂപത്തിലോ മഹാമാരിയുടെ രൂപത്തിലോ നിങ്ങളുടെ വികസന സ്വപ്നങ്ങൾ തകർക്കപ്പെട്ടേക്കാം.

***9947154564***